പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3892 15.03.2017 ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട സ്റ്റേഡിയങ്ങൾ

ചോദ്യം

ശ്രീ.ബി.സത്യൻ

ശ്രീ.ആർ. രാജേഷ്

ശ്രീ.കെ. ആൻസലൻ

ശ്രീ. എ. എൻ. ഷംസീർ

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തു നടന്ന ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട സ്റ്റേഡിയങ്ങളും പരിശീലന കേന്ദ്രങ്ങളും സംസ്ഥാനത്തെ കായിക മേഖലയ്ക്ക് എത്ര മാത്രം പ്രയോജനപ്രദമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. 35-ാമത് ദേശീയ ഗെയിംസിനായി നിർമ്മിക്കപ്പെട്ട സ്റ്റേഡിയങ്ങളും പരിശീലന കേന്ദ്രങ്ങളും സംസ്ഥാനത്തെ കായിക മേഖലയ്ക്ക് കായിക കേരളത്തിന്റെ വളർച്ചയ്ക്ക് ഉണർവ്വേകാൻ സഹായിച്ചിട്ടുണ്ട്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ മാർ അടക്കമുള്ള ജനപ്രതിനിധികൾ എന്നിവരിൽ നിന്നും പുതിയ കളിസ്ഥലങ്ങൾക്ക് വേണ്ടി ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളുടെ വർദ്ധിച്ച എണ്ണം തന്നെ ദേശീയ ഗെയിംസിന് ശേഷം കായിക മേഖലയ്ക്ക് വന്നിട്ടുള്ള പ്രാധാന്യത്തിന്റെ തെളിവാണ്. |
| ബി) | ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച കോർട്ടുകളും സ്റ്റേഡിയങ്ങളും കായിക താരങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത വിധം സംസ്ഥാന പോലീസ് ഉൾപ്പെടെ ചില വകുപ്പുകൾ സ്വന്തമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സംസ്ഥാനത്തിന്റെ കായിക മേഖലയുടെ ഉന്നമനത്തിനായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | കഴിഞ്ഞ ദേശീയ ഗെയിംസിന് നിർമ്മിച്ച സ്റ്റേഡിയങ്ങളിൽ തിരുവനന്തപുരത്തുള്ള സ്ക്വാഷ് കോർട്ടിന്റെ സംരക്ഷണ ചുമതല 24.02.2015 ലെ സ.ഉ(കൈ)നം.09/15/കാ.യു.വ, 23.6.2015 ലെ സ.ഉ (കൈ)23/15/കാ.യു.വ എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന പോലീസ് വകുപ്പിന് ഏൽപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഗെയിംസ് വില്ലേജിനായി പ്രീ ഫാബ് സാങ്കേതിക വിദ്യയിൽ നിർമ്മിച്ച കെട്ടിടങ്ങൾ ആവശ്യത്തിനുശേഷം എപ്രകാരം വിനിയോഗിച്ചെന്ന് അറിയിക്കാമോ; | സി) | വിവിധ സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിവിധ സ്പോർട്സ് അസോസിയേഷനുകൾ, സ്പോർട്സ് സ്കൂളുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിലകൂടാതെ പ്രീഫാബ് കെട്ടിടങ്ങൾ പൊളിച്ച്കൊണ്ടുപോയി തങ്ങളുടെ സ്ഥലത്ത് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കുറച്ച് സ്ഥാപനങ്ങൾ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് കൊണ്ടുപോയിട്ടില്ല. 100 പ്രീഫാബ് കെട്ടിടങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് നൽകുവാൻ തീരുമാനിക്കുകയും അപ്രകാരം നിലനിർത്തിയും പോരുന്നു. |
| ഡി) | ദേശീയ ഗെയിംസ് നടത്തിപ്പിലെയും ഉപകരണങ്ങൾ വാങ്ങിയതിലെയും അഴിമതിയെക്കുറിച്ച് എ.ജി. ഓഡിറ്റിലെ പരാമർശവും ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും അറിയിക്കാമോ; വകുപ്പ് തലത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും ആഡിറ്റ് പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിൽ അഴിമതി നടന്നതായി പ്രത്യേകമായി പരാമർശങ്ങളൊന്നുമില്ല. നടപടി ക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് പരാമർശങ്ങളിൽ വ്യക്തവും തൃപ്തികരവുമായ മറുപടി അക്കൗണ്ടന്റ് ജനറലിനും സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനും സമർപ്പിച്ചിട്ടുണ്ട്.<br><br>35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും വരവുചെലവു കണക്കുകളും അക്കൗണ്ട് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും വിശദമായ പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വകുപ്പ തലത്തിൽ അന്വേഷണം നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ